## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 07.02.2018–ൽ |
| ചോദ്യം നമ്പർ – 2897 | മറുപടിയ്ക്ക് |

## ചങ്ങനാശ്ശേരി –കവിയൂർ റോഡിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |
| (എ) 2017–18 സംസ്ഥാന ബജറ്റിൽ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ചങ്ങനാശ്ശേരി കവിയൂർ റോഡിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന്റെ ഡി.പി.ആർ. അംഗീകരിച്ച് അനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) എത്ര തുകയാണ് പ്രസ്തുത പ്രവൃത്തിക്കു വേണ്ടി വകയിരുത്തിയിരിക്കുന്നത്; എന്നത്തേക്ക് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) 32.77 കോടി രൂപയാണ് പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത്. ഒരു വർഷത്തെ കാലാവധിയാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്. |
| (സി) പ്രസ്തുത റോഡിന് ആവശ്യമായ നിർദ്ദിഷ്ട വീതി റോഡിന്റെ എല്ലാ ഭാഗത്തും ഉണ്ടോ, ഇല്ലെങ്കിൽ ഭൂമി ഏറ്റെടുത്ത് പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുമോ? | (സി) ഇല്ല. 2.83 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിന്റെ അതിർത്തി പുനഃനിർണയം നടത്തിയതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ